# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മടവൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി1/1638/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്
തീയതി : 26-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-8 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ കെ.കെ.ഡി തിയ്യതി:പി1/1638/17 തീയതി : 26-09-2017

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ
ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-10-2016 മുതൽ 26.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള ഇടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.07.2017 മുതൽ 02.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.പി. ഹരി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സി.പി. സതീഷ് കുമാർ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. പി. ഷൈനി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല. സിവി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി.സി അബ്ദുൾ ഹമീദ് മാസ്റ്റർ | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ശ്രീ. ഒ. സുലൈമാൻ | 01.04.2016 – 21.06.2016 |
| | ശ്രീ. ടി. അബ്ദുള്ള | 22.06.2016 – 06.10.2016 |
| | ശ്രീ. ഒ. സുലൈമാൻ | 07.10.2016 – 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി. രേഖ. പി. ആനന്ദ് | 01.04.2016 – 31.03.2017 |
| കൃഷി ഓഫീസർ | ശ്രീ. ഷബീർ അഹമ്മദ്. കെ.എ | 01.04.2016 – 09.12.2016 |
| | ശ്രീമതി. ഇന്ദു. പി | 10.12.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ഉഷാദേവി. കെ | 01.04.2016 – 28.02.2017 |
| | ഡോ. ആനന്ദ്. എം | 04.03.2017 – 19.03.2017 |
| | ഡോ. ഉമേഷ്. പി.കെ | 20.03.2017 – 31.03.2017 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ഹൈറുന്നിസ. എൻ. കെ | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. രജീഷ് പി. പുറപ്പോടി | 01.04.2016 – 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. എം. സുധാകുമാരി | 01.04.2016 – 31.03.2017 |
| ഹെഡ് മാസ്റ്റർ | ശ്രീ. അബ്ദുൾഖാദർ. ടി. പി, ഹെഡ് മാസ്റ്റർ | 01.04.2016 – 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. പ്രിൻസി ശാന്തിനിലയം | 01.04.2016 – 31.03.2017 |
| എൽ.വി.ഇ.ഒ | ശ്രീമതി. ശ്രീലത. എൻ.എസ് | 01.04.2016 – 31.03.2017 |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേഷ്. എൻ | 01.04.2016 – 31.03.2017 |
| അസി. സെക്രട്ടറി | ശ്രീ. രാധാകൃഷ്ണൻ. എ. പി | 01.04.2016 – 01.09.2016 |
| | ശ്രീമതി. കെ.കെ. പവിത്ര | 02.09.2016 – 31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 12 | വാർഷികകണക്കിലെ അപാകതകൾ | 2-1 |
| 13 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഒക്യുപൻസി മാറ്റി – തുടർനടപടി സ്വീകരിക്കേണ്ടതാണ് | 2-2 |
| 14 | അനധികൃത ലോഡ്ജുകൾ പ്രവർത്തിക്കുന്നു – തുടർനടപടി സ്വീകരിക്കേണ്ടതാണ് | 2-3 |
| | ഭാഗം – 3 | |
| 15 | മണ്ണ് ഫില്ലിംഗ് പ്രവൃത്തി – അധികനിരക്ക് നൽകി | 3-1 |
| 16 | ബിറ്റുമിൻ സ്റ്റോക്കിലെടുക്കാതെ ഗ്രാമപഞ്ചായ ത്തിന്റെ മുൻവശത്ത് സൂക്ഷിച്ചിരിക്കുന്നു | 3-2 |
| 17 | സർവ്വീസ് ടാക്സ് അടച്ചതിന് രേഖകളില്ല | 3-3 |
| 18 | പകൽവീട് തുടർപ്രവർത്തനം – ഷീറ്റിടൽ – അപാകതകൾ | 3-4 |
| 19 | പദ്ധതിപ്പണത്തിന് പകരം സ്പിൽ ഓവറിൽ തനത്ഫണ്ട് വകയിരുത്തി | 3-5 |

| | | |
|---|---|---|
| 20 | രാംപൊയിൽ അംഗൻവാടി നവീകരണം – അപാകതകൾ | 3-6 |
| 21 | ഡെപ്പോസിറ്റ് വർക്ക് – അനിവാര്യ രേഖകളി ല്ലാതെ തുക കൈമാറി – വിനിയോഗവിവരം ലഭ്യമല്ല | 3-7 |
| 22 | തൊഴിലുറപ്പ് പദ്ധതി – സാധനസാമഗ്രികൾ വാങ്ങിയതിലെ അപാകതകൾ – വാറ്റ് ഈടാക്കിയതിൽ കുറവ് | 3-8 |
| 23 | ഭവനപദ്ധതികളുടെ വിഹിതം കൈമാറൽ – ഔദ്യോഗിക രശീതിയും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല. | 3-9 |
| 24 | ഹെഡ്മാസ്റ്റർ നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ | 3-10 |
| 25 | ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നേരിട്ട് നിയമിച്ചു | 3-11 |
| 26 | തെരുവുനായ്ക്കളുടെ നിയന്ത്രണം – കൈമാറിയ തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-12 |
| 27 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് സംഭാവന – ഔദ്യോഗിക രശീതി ലഭ്യമാക്കിയില്ല | 3-13 |
| 28 | ഐ.കെ.എം വിഹിതം നൽകൽ – ഔദ്യോഗിക രശീതി ലഭ്യമാക്കിയില്ല | 3-14 |
| 29 | ഔഷധിയിൽ നിന്നും മരുന്ന് വാങ്ങൽ – ഡിപ്പാർട്ട്മെന്റ് ലഭ്യത ആരാഞ്ഞില്ല | 3-15 |
| 30 | പി.എച്ച്.സി. മരുന്നുവാങ്ങൽ പദ്ധതി | 3-16 |
| 31 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ – മരുന്ന് ലഭ്യമായില്ല | 3-17 |
| 32 | അനുപൂരക പോഷകാഹാര വിതരണം – ഭക്ഷ്യധാന്യം വിതരണം ചെയ്തതിൽ കുറവ് | 3-18 |
| 33 | ഫണ്ടുകളുടെ വിനിയോഗം – പദ്ധതിപണം നഷ്ടപ്പെടുന്നു | 3-19 |
| | ഭാഗം – 4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 04.03.2016 തിയതിയിലെ 53-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ്, ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ-ത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 44,65,534 | 59,16,325 | 14,50,791 | .. |
| വരവ് | 15,76,55,980 | 4,30,60,601 | .. | 11,45,95,379 |
| ആകെ | 16,21,21,514 | 4,89,76,926 | .. | 11,31,44,588 |
| ചെലവ് | 15,06,41,776 | 4,09,31,369 | .. | 10,97,10,407 |
| നീക്കിയിരിപ്പ് | 1,14,79,738 | 80,45,557 | .. | 34,34,181 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 20.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-07-2017 | കെ.എസ്.എ.കെ.കെ.ഡി.1638/2017 തീ: 22-02-2017 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 59,16,325 |

| | |
|---|---|
| വരവ് | 4,30,60,601 |
| ആകെ | 4,89,76,926 |
| ചെലവ് | 4,09,31,369 |
| നീക്കിയിരിപ്പ് | 80,45,557 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ബജറ്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,06,81,577 | 1,06,81,577 | 1,01,83,643 | 4,97,934 | 95.33 |
| വികസനഫണ്ട് എസ്.സി.പി. | - | 50,34,432 | 50,34,432 | 27,01,106 | 23,33,326 | 53.65 |
| വികസനഫണ്ട് ടി.എസ്.പി. | - | 7,845 | 7,845 | 7845 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 37,27,518 | 37,27,518 | 6,49,002 | 30,78,516 | 17.41 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 29,09,337 | 29,09,337 | 25,96,127 | 3,13,210 | 89.23 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 59,90,711 | 59,90,711 | 45,28,838 | 14,61,873 | 75.597 |
| പെർഫോമൻസ് ഗ്രാന്റ് | - | 23,16,110 | 23,16,110 | 18,56,173 | 4,59,937 | 80.14 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 2,74,70,175 | 120 | 85,29,340 | 12 | 57 | 63.49 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരംകുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 24,22645 | 38,18,363 | 13,95,718 |
| നികുതിയേതര വരവുകൾ | 4,58,239 | 5,15,284 | 57,045 |
| മറ്റുവരവുകൾ | 3,24,80,063 | 1,47,626 | 3,23,32,437 |
| ആകെ | 3,29,39,102 | 44,81,273 | 3,37,85,200 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,63,480 | 228 |
| കർഷകതൊഴിലാളി പെൻഷൻ | 57,91,110 | 604 |
| വിധവാപെൻഷൻ | 1,30,29,310 | 997 |
| വാർദ്ധക്യകാലപെൻഷൻ | 1,15,74,005 | 916 |
| വികലാംഗപെൻഷൻ | 34,49,930 | 307 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,70,000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.08.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 857/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2017 | 01.05.2017 മുതൽ 31.05.2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2015 - 07.01.2016 | 2010-11 മുതൽ 2014-15 വരെ | LBAC(HQ)VI 8A 2371/388 /24/2/2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2016 - 17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

2) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

3) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഒക്യുപ്പൻസി മാറ്റി - തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ - എ3.647/2016

ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ താമസിക്കുന്ന (10/348 എ) പ്രമോദ് മണങ്ങാട്ട്താഴം എന്നയാൾ നൽകിയ പരാതിയിൽ തന്റെ വീടിന്റെ കിഴക്ക് ഭാഗത്ത് 4 മീറ്റർ മാറി നീലഞ്ചേരി അബൂബക്കർ ഹാജി എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പഞ്ചായത്തിൽ നിന്നും വീട് നിർമ്മാണത്തിനുള്ള അനുമതി വാങ്ങി ആയത് നിർമ്മിച്ചുവെന്നും, എന്നാൽ അടുത്ത കാലത്ത് വീടിന്റെ ചുമരുകൾ പൊളിച്ച് മാറ്റി അനുവദിക്കപ്പെട്ട പെർമിറ്റിന് വിരുദ്ധമായി, താഴെ നിലയിലും, മുകൾ നിലയിലുമായി 2 വിശാല ഹാളുകളും 5 ടോയ്‌ലറ്റുകളും നിർമ്മിച്ചുവെന്നും, ഇത് മടവൂർ സി.എം.സെന്ററിന്റെ 50 ഓളം വരുന്ന വിദ്യാർത്ഥികളെ സ്ഥിരമായി താമസിപ്പിക്കുവാൻ വീട് നിയമവിരുദ്ധമായി ഹോസ്റ്റലായി മാറ്റുകയാണെന്നും സൂചിപ്പിക്കുന്നു. ഈ സ്ഥലം വയൽ പ്രദേശമായതിനാൽ നിരവധി പേർ താമസിക്കുന്ന ഹോസ്റ്റലാക്കി മാറ്റിയാൽ അവിടെ മാലിന്യപ്രശ്നം ഉണ്ടാകുമെന്നും പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1. ശ്രീ അബൂബക്കർ ഹാജി, നീലഞ്ചേരി എന്നയാൾക്ക് നിലം കമ്മറ്റിയുടെ അനുമതിയോടെയാണ് ബ.എൽ.303/2013-2014 തീയതി 05.02.2014 നമ്പറിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചത്. 2015-16 വർഷം കെട്ടിടത്തിന്റെ താഴത്തെ നിലയിലെ നിർമ്മാണം പൂർത്തീയായതിനാൽ 10/334 എഫ് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. 05.02.2013-ലെ 1663/ആർ.എ.ഐ/2013/എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം നിലം കമ്മിറ്റി അനുമതിയുടെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശ മാറ്റവും, ഒക്യൂപ്പെൻസി മാറ്റവും 10 വർഷത്തേക്ക് അനുവദിക്കാൻ പാടില്ലാത്തതാണ്. മേൽ സർക്കുലറിന് വിരുദ്ധമായി വീട് നിർമ്മാണത്തിന് അനുമതി വാങ്ങിയതിന് ശേഷം കെട്ടിടത്തിന്റെ ഒക്യൂപ്പെൻസിയിൽ മാറ്റം വരുത്തിയ നടപടി ശരിയല്ല. അനുമതിയില്ലാതെ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതിനെതിരെ നടപടി സ്വീകരിക്കാവുന്നതാണ് ആയത് പൊളിച്ച് മാറ്റേണ്ടതാണ് എന്ന് കാണിച്ച് അബൂബക്കർ ഹാജിക്ക് 09.02.2016ന് നോട്ടീസ് നൽകിയെങ്കിലും, അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനും നടപടി ക്രമം സ്വീകരിച്ചിട്ടില്ല. തുടർന്ന് പരാതിക്കാരൻ ബഹു. ജില്ലാകലക്ടർക്ക് 04.04.2017ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിനായി എൽ.എസ്.ജി.ഡി ഓവർസിയർക്ക് കൈമാറി. തുടർന്ന് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സെക്രട്ടറി/ഓവർസിയർ നേരിൽ പരിശോധിച്ചതിൽ, പ്ലാൻ പ്രകാരം ഉൾഭാഗത്ത് 2 മുറികൾ ഉള്ളത് ഒന്നാകുകയും, മുറിയിൽ ആരാധനക്കായി പായ വിരിച്ചതായും കാണുന്നു എന്ന് റിപ്പോർട്ട് ചെയ്തു. അതായത് ഒക്യൂപ്പെൻസി മാറിയതായി വ്യക്തമാകുന്നു. ഇതിന് 05.04.2017ന് തുടർന്നും നോട്ടീസ് നൽകുകയാണുണ്ടായത്.

മേൽ സൂചിപ്പിച്ച പ്രകാരം നിരവധി നോട്ടീസ് നൽകുകയല്ലാതെ, സർക്കാർ സർക്കുലറിന് വിരുദ്ധമായി കെട്ടിടത്തിന്റെ ഒക്യൂപ്പെൻസി മാറ്റിയ നടപടിക്ക്, അനധികൃത കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ആയത് പൊളിച്ച് മാറ്റുവാൻ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് പഞ്ചായത്ത് രാജ്നിയമം വകുപ്പ് 235 W(III) ന് വിരുദ്ധമാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 അനധികൃത ലോഡ്ജുകൾ പ്രവർത്തിക്കുന്നു - തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഫയൽ നം. - എ3-6240/2016

ഗ്രാമപഞ്ചായത്തിലെ സി.എം.മഖാം പരിസരത്ത് അനധികൃത ലോഡ്ജുകൾ പ്രവർത്തിച്ചു വരുന്നത് സംബന്ധിച്ച് ശ്രീ. അബൂബക്കർ മണ്ണങ്കര സമർപ്പിച്ച പരാതി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും, പ്രാഥമികാരോഗ്യ കേന്ദ്രവും നടത്തിയ അന്വേഷണത്തിൽ ഇത്തരത്തിൽ 5 ലോഡ്ജുകൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ അടച്ചു പൂട്ടാൻ 10.03.2015ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് അയച്ചു.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1. മേൽ പറഞ്ഞ 5 ലോഡ്ജുകളുടെയും ഒക്യുപ്പെൻസി മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷകൾ യഥാക്രമം 4187, 4188, 4189, 4190, 4121/2015 എന്നിവയാണ്. ഇതിൽ 4189, 4190 എന്നിവ വിവിധ ന്യൂനതകൾ ചൂണ്ടിക്കാട്ടി അവ പരിഹരിച്ച് പുന:സമർപ്പിക്കാൻ നിർദ്ദേശിച്ചു കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19.10.2015ന് കത്ത് നൽകി. 4187, 4188, 4121/2015 എന്നിവ 16.02.2016നും അപാകത പരിഹരിക്കുവാൻ നിർദ്ദേശിച്ചു. എന്നാൽ അവ പരിശോധിച്ച് പുന:സമർപ്പിച്ചതായി കാണുന്നില്ല. നിലവിൽ ഈ കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ഷോപ്പ് ബിൽഡിംഗ് ഒക്യുപ്പെൻസി ആണ്.

പരാതി പരിഹരിക്കാത്തതിനാൽ പരാതിക്കാരൻ ഓംബുഡ്സ്മാനെ സമീപിക്കുകയും, കക്ഷികൾക്ക് പറയാനുള്ളത് കേട്ടും അന്വേഷണം നടത്തിയും ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കണമെന്ന് ഓംബുഡ്സ്മാൻ 27.05.2016ന് നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് ലോഡ്ജ് ഉടമസ്ഥന്റെയും, പരാതിക്കാരന്റെയും ഭാഗം കേൾക്കുന്നതിന് 07.09.2016ന് ഹിയറിംഗ് നടത്തി. സ്ഥലത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിട നിർമ്മാണ ചട്ടലംഘനം നടന്നതിനാൽ വീണ്ടും

പരിശോധന നടത്തുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

മേൽ സൂചിപ്പിച്ച പ്രകാരം പരിശോധന നടത്തി ചട്ടലംഘനം നടന്നതായി റിപ്പോർട്ടു ചെയ്യുന്നതല്ലാതെ അനധികൃത നിർമ്മാണത്തിനെതിരെ കേരള പഞ്ചായത്ത്‌രാജ് നിയമം 235 W(III) പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. നടപടി എത്രയും പെട്ടെന്ന് സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മണ്ണ് ഫില്ലിംഗ് പ്രവൃത്തി - അധികനിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളുടെ ഒരിനം മണ്ണ് ഫില്ലിംഗ് എന്നതാണ്. ഗുണഭോക്തൃസമിതി മുഖേന നടത്തിയ പ്രവൃത്തികളിൽ മണ്ണ് ഫില്ലിംഗിന് ഒരു ഘനമീറ്ററിന് 380.56, 383.34,410.09 എന്നിങ്ങനെയാണ് നിരക്ക് അനുവദിച്ചത്(കോസ്റ്റ് ഇൻഡക്സ് 1.381). 1.1.15ന് ചീഫ് എഞ്ചിനീയർ(ബിൽഡിംഗ്സ്) തയ്യാറാക്കിയ സി.ഇ/ബി എൽ/ജി.എൽ/2014 നമ്പറിലുള്ള ഒബ്സർവ്ഡ് ഡാറ്റയിലെ മണ്ണ് ഫില്ലിംഗിനുള്ള നിരക്ക് താഴെ കൊടുത്ത പ്രകാരമാണ്.

50.2.26.1 – കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ്

| code | description | unit | quantity | rate | amount |
|---|---|---|---|---|---|
| | Details of cost for one cum | | | | |
| 0979 | Royalty for good earth | cum | 1 | 30 | 30 |
| 2241 | Carriage of good earth | cum | 1 | 133.11 | 133.11 |
| 0128 | Mate | Day | 0.01 | 363 | 3.63 |
| 0115 | Coolie | Day | 0.01 | 329 | 3.29 |
| 0101 | Bhisti | Day | 0.01 | 363 | 3.63 |
| | Total | | | | 173.66 |
| | Add water charges@1% | | | | 1.74 |
| | Total | | | | 175.40 |
| | Cost index 38.1% | | | | 66.83 |
| | Total | | | | 242.23 |

താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളിൽ വ്യത്യസ്ത നിരക്കാണ് അനുവദിച്ചത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മണ്ണ് ഫിൽ ചെയ്ത പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കേണ്ടത് | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്- പറയങ്ങോട്ട് താഴം കുഴിപ്രമ്മൽ റോഡ്, 57/17<br>എംബുക്ക്- 19/14-15<br>പ്രവൃത്തിമൂല്യം - 150000രൂപ<br>ചെലവ്- 150000രൂപ, ബിൽ നം.7/22.3.17<br>സാങ്കേതികാനുമതി- kdy/mdr /105/15-16/ 16.10.15<br>കൺവീനർ -രതീഷ്.കെ.പി | ഇനം 3<br>104.94m3 | 104.94 x 380.56 = 39935.97 | 104.94 x 242.23 = 25420 | 14516 |

| | | | | | |
|---|---|---|---|---|---|
| 2 | പ്രൊജക്റ്റ് - തുവ്വാട്ട് താഴം പീഠം പാറ റോഡ്, 70/17<br>എംബുക്ക്- 232/15-16<br>പ്രവൃത്തിമൂല്യം - 100000രൂപ<br>ചെലവ്- 100000രൂപ, ബിൽ നം.4/31.1.17-<br>സാങ്കേതികാനുമതി-kdy/mdr /101/15-16/ 16.10.15<br>കൺവീനർ -ടി.എം.ഹുസ്സൈൻ | ഇനം 6<br>87.64m3 | 87.64x380.56 = 33352.28 | 87.64 x 242.23 = 21229 | 12123 |
| 3. | പ്രൊജക്റ്റ് - മൊടയാനി അംഗൻവാടി നിർമ്മാണം, 82/17<br>എംബുക്ക്- 390/16-17<br>പ്രവൃത്തിമൂല്യം - 99767രൂപ<br>ചെലവ്- 99767രൂപ, വൗച്ചർ നം. 21600889/31.3.17<br>സാങ്കേതികാനുമതി-kdy/mdr /118/15-16/ 16.2.16<br>കൺവീനർ - അബ്ദുൾ മുനീർ | ഇനം 5<br>56.62m3 (അംഗൻവാടി നിർമ്മാണത്തിനായുള്ള സ്ഥലത്ത് മണ്ണ് ഫിൽ ചെയ്യുന്നത്) | 56.62 x 410.09 = 23219.29 | 56.62 x 242.23 = 13715 | 9504 |
| 4 | പ്രൊജക്റ്റ് - വെളയാഞ്ചേരി മൂപ്പറമ്പത്ത് താഴം റോഡ് സൈഡ് കെട്ടലും മണ്ണ് ഫില്ലിംഗും, 178/17<br>എംബുക്ക്- 368/16-17<br>പ്രവൃത്തിമൂല്യം - 300000രൂപ<br>ചെലവ്- 300000രൂപ, ബിൽ നം. 35/31.3.17<br>സാങ്കേതികാനുമതി- 15405/16-17/4.12.16<br>കൺവീനർ - കാസിം.കെ | ഇനം 5<br>209.97m3 | 209.97 x 383.34 = 80489.90 | 209.97 x 242.23 = 50861 | 29629 |
| | | | ആകെ | | 65,772 |

ഇവിടെ ഉറപ്പായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിനുള്ള ഇനമായ 50.2.26.1 എടുക്കേണ്ടതിന് പകരം വളരെ ചെറിയ ട്രെഞ്ച്, ഫൗണ്ടേഷൻ ഫില്ലിംഗിനുള്ള ഇനമായ 50.2.25.1 എടുത്തതിനാൽ 65772/-രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 ബിറ്റുമിൻ സ്റ്റോക്കിലെടുക്കാതെ ഗ്രാമപഞ്ചായത്തിന്റെ മുൻവശത്ത് സൂക്ഷിച്ചിരിക്കുന്നു

ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 31.7.17ന് ബിറ്റുമിൻ ഇനത്തിൽ യാതൊരു ബാരലും നീക്കിയിരിപ്പില്ല. എന്നാൽ പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്ത് 5 ബാരൽ ബിറ്റുമിൻ സ്റ്റോക്ക് ചെയ്തതായി കാണുന്നു. ബാരൽ പഴകി ദ്രവിച്ച് ബിറ്റുമിൻ പുറത്തേക്ക് ഒഴുകിയ അവസ്ഥയിലാണുള്ളത്. ഈ ബിറ്റുമിൻ ഏത് പ്രവൃത്തിക്ക് വേണ്ടി ഏത് വർഷം വാങ്ങിയതാണെന്നതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ടാർ എത്രയും പെട്ടെന്ന് ബിറ്റുമിൻ ഉൾപ്പെടുന്ന പ്രവൃത്തിക്ക് വിനിയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 സർവീസ് ടാക്സ് അടച്ചതിന് രേഖകളില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബിൽ നൽകിയപ്പോൾ സർവീസ് ടാക്സ് ഉൾപ്പെടെയുള്ള തുക കരാറുകാർക്ക് നൽകിയിട്ടുണ്ടെങ്കിലും സർവീസ് ടാക്സ് സർക്കാരിലേക്ക് അടച്ചതിന്റെ ചലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എ) പ്രൊജക്ട് - ആത്തുട്ടയിൽ അംഗൻവാടി നവീകരണം, 154/17

എംബുക്ക് - 382/16-17

ചെലവ് - 94340രൂപ, ബിൽ നം.41/31.3.17

സാങ്കേതികാനുമതി - 14116/16-17/26.11.2016

കരാറുകാരൻ - പി.പ്രജോഷ്

ആത്തുട്ടയിൽ അംഗൻവാടിക്ക് ചുറ്റുമതിൽ കെട്ടുന്നതിനുള്ള പ്രൊജക്ടാണിത്. 100000/- രൂപ പ്രവൃത്തിമൂല്യം കണക്കാക്കിയ പ്രവൃത്തിയിൽ 11% ടെണ്ടർ കുറവ്, നികുതികൾ എന്നിവ കുറവ് ചെയ്ത് 89000/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. താഴെ പറയും പ്രകാരം സർവീസ് ടാക്സ് 5340/- രൂപ ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് നൽകിയത്.

ആകെ പ്രവൃത്തി മൂല്യം - 100000 രൂപ

(-)11% ടെണ്ടർ കുറവ് – 11000 രൂപ

- 89000 രൂപ

(-) ആദായനികുതി 1% – 890രൂപ

(-) വാറ്റ് 4% - 3560രൂപ

(-) ക്ഷേമനിധി 1% - 890രൂപ

- 83660 രൂപ

(+) സർവീസ് ടാക്സ് 6% - 5340 രൂപ

കരാറുകാരന് നൽകിയത് -89000 രൂപ

ബി) പ്രൊജക്ട് - പറമ്പത്ത് പുറായിൽ അംഗൻവാടി ഷീറ്റിടൽ, 156/17

എംബുക്ക് - 364/16-17

ചെലവ് - 86622രൂപ, ബിൽ നം.31/31.3.17

സാങ്കേതികാനുമതി - 14118/16-17/28.11.2016

കരാറുകാരൻ - അഷ്രഫ്.വി

93286/- രൂപ പ്രവൃത്തിമൂല്യം കണക്കാക്കിയ പ്രവൃത്തിയിൽ 12.4% ടെണ്ടർ കുറവ്, നികുതികൾ എന്നിവ കുറവ് ചെയ്ത് 81025/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. താഴെ പറയും പ്രകാരം സർവീസ് ടാക്സ് 4903/- രൂപ ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരന് നൽകിയത്.

ആകെ പ്രവൃത്തി മൂല്യം - 93286രൂപ

(-)12.4% ടെണ്ടർ കുറവ് - 11567 രൂപ

- 81719 രൂപ

(-)ആദായനികുതി 1% – 817രൂപ

(-) വാറ്റ് 4% - 3269രൂപ

(-) ക്ഷേമനിധി 1% - 817രൂപ

- 76816/-രൂപ

(+) സർവീസ് ടാക്സ് 6% - 4903 രൂപ

കരാറുകാരന് നൽകിയത് - 81719/-രൂപ

സർവീസ് ടാക്സ് സർക്കാരിലേക്ക് അടച്ചതിന്റെ ചലാൻ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. നഷ്ടതുക 10243/-രൂപ (5340+4903) ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 പകൽവീട് തുടർപ്രവർത്തനം - ഷീറ്റിടൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് - പകൽവീട് തുടർപ്രവർത്തനം - ഷീറ്റിടൽ, 139/17

എംബുക്ക് - 360/16-17

പ്രവൃത്തിമൂല്യം - 196681രൂപ

ചെലവ് - 196681രൂപ, ബിൽ നം.7/22.3.17

സാങ്കേതികാനമതി - 14673/16-17/29.11.2016

കൺവീനർ - മുഹമ്മദ് സാലിഹ്.പി.വി

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പകൽവീട് കെട്ടിടത്തിന്റെ 3 ഭാഗത്തുള്ള മുറ്റം GI sheet roof നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇത് പ്രകാരം 106.208m2 ഷീറ്റിടുന്ന പ്രവൃത്തി നടത്തിയിട്ടുണ്ട്. പകൽ വീട് പ്രവർത്തിക്കുന്നതിനായി നിർമ്മിച്ച കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിന് ഇതുവരെ പ്രൊജക്ട് വെച്ചിട്ടില്ല. നിലവിൽ പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടുമില്ല. വൈദ്യുതി കണക്ഷൻ, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ മുറ്റം ഷീറ്റിടുന്ന പ്രൊജക്ട് നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-5 പദ്ധതിപ്പണത്തിന് പകരം സ്പിൽ ഓവറിൽ തനത് ഫണ്ട് വകയിരുത്തി

പ്രൊജക്ട് നം. - 144/2016, 171/2017

ചെക്ക് നമ്പർ - 54494/25.02.2017

തുക - 3 ലക്ഷം

ക്ഷീര കർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡി നൽകുക എന്ന ഉദ്ദേശത്തോടെ 2015-16 വർഷം 3 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തി 144/2016 നമ്പർ പദ്ധതി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ട്. ക്ഷീര വികസന ഓഫീസർ നിർവ്വഹണം ചെയ്യു ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 5 ക്ഷീര സഹകരണ സംഘങ്ങളുടെ പരിധിയിൽ 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ പാലളക്കുന്ന കർഷർക്ക് സബ്സിഡി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകി. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രൊജക്ട് പ്രകാരമുള്ള ഫണ്ട് ലഭിക്കാത്തതിനാൽ സബ്സിഡി തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ഷീര സംഘങ്ങൾക്ക് അനുവദിച്ച് നൽകുവാൻ കഴിഞ്ഞില്ല. തുടർന്ന് 2016-17 വർഷം പദ്ധതി സ്പിൽ ഓവറായി രൂപീകരിച്ചു (പ്രോജക്ട് നം. 171/2017). എന്നാൽ പ്രോജക്ട് രൂപീകരണ ഫോറം പദ്ധതി ചെലവുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിനാൽ തനത് ഫണ്ട് ആണ്. 2016-17 വർഷങ്ങൾ ധനകാര്യ കമ്മീഷൻ ഗ്രാന്റിന് പകരമായി വകയിരുത്തിയത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് മതിയായ രീതിയിൽ ഇല്ലാത്തതിനാലാണ് 2016-17 വർഷം വകയിരുത്താത്തതെന്നും, പകരം തനത് ഫണ്ട് വെച്ചതെന്നും, ഗ്രാമപഞ്ചായത്ത് വിശദീകരിച്ചു. ഇത് ശരിയായ നടപടിയല്ല. ഇത്തരത്തിൽ ഫണ്ട് ചെലവഴിച്ചതിലൂടെ തനത് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകമാറി ചെലവഴിക്കാനിടയായി.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 രാംപൊയിൽ അംഗൻവാടി നവീകരണം - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് - രാംപൊയിൽ അംഗൻവാടി നവീകരണം, 219/17

എംബുക്ക് - 396/16-17, 399/16-17, 400/16-17

എഗ്രിമെന്റ് - 50/16-17/21.3.17

പ്രവൃത്തിമൂല്യം - 393554രൂപ

ചെലവ് - 393554രൂപ, ബിൽ നം.54/31.3.17

സാങ്കേതികാനുമതി - 88933/16-17/20.3.2017

കരാറുകാരൻ - ടി.മുഹമ്മദ്

2015-16 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച അംഗൻവാടിയിൽ ശുചിമുറി നിർമ്മിക്കൽ, ടൈൽസ് പതിക്കൽ, കിച്ചൺ സിങ്ക്, വാഷ് ബേസിൻ, പെയിന്റിംഗ്, സൈഡ് കെട്ട് എന്നിവ ചെയ്യുന്നതിനാണ് മേൽ പ്രൊജക്റ്റ് തയ്യാറാക്കിയത്. ഇത് പ്രകാരം കരാറുകാരൻ 21.3.17ന് പഞ്ചായത്തുമായി കരാർ വെയ്ക്കുകയും 21.3.17ന് തന്നെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എസ്റ്റിമേറ്റിലെ ഇനം 4 മുതൽ 31 വരെയുള്ള പ്രവൃത്തികളായ സൈഡ് കെട്ട്, ശുചിമുറി നിർമ്മാണം, ടൈൽസ് പതിക്കൽ, കിച്ചൺ സിങ്ക്, വാഷ് ബേസിൻ, പെയിന്റിംഗ്, സൈഡ് കെട്ട് എന്നിവ ചെയ്തിരിക്കുന്നത് 25.3.17, 29.3.17, 30.3.17 എന്നീ തീയതികളിലാണ്. (MB 396/16-17, പേജ് 4 മുതൽ 24വരെ, MB 399/16-17, പേജ് 1മുതൽ 11വരെ). പ്രവൃത്തികൾ 31.3.17ന് അസി. എക്സി. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് 31.3.17ന് ഫൈനൽ ബിൽ നൽകുകയും ചെയ്തു. ശുചിമുറിനിർമ്മാണത്തിൽ RCC, plastering, painting എന്നീ പ്രവൃത്തികൾ ഒരേ ദിവസമാണ് ചെയ്തതെന്ന് അളവുപുസ്തകം പരിശോധിച്ചതിൽ വ്യക്തമാകുന്നു. RCC ചെയ്ത് 14 ദിവസം കഴിഞ്ഞേ മറ്റു പ്രവൃത്തികൾ ചെയ്യാവൂ എന്നിരിക്കെ 3 പ്രവൃത്തികൾ ഒരേ ദിവസം ചെയ്തത് എങ്ങനെയെന്ന് വ്യക്തമല്ല. ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്യുന്നത് കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുന്നതാണ്. ചെറിയ കുട്ടികൾ പഠിക്കുന്ന അംഗൻവാടി കെട്ടിടത്തിന്റെ ശുചിമുറി ഇത്തരത്തിൽ നിർമ്മിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് വർക്ക്-അനിവാര്യ രേഖകളില്ലാതെ തുക കൈമാറി - വിനിയോഗവിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്ത് 2016-17 വർഷം വിവിധ പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി താഴെ പറയും പ്രകാരം വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | കൈമാറിയ തുക | ബിൽ നം./ തീയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 201/17, ആരാമ്പ്രം കെ.ഡബ്ല്യൂ.എ പൈപ്പ് ലൈൻ നീട്ടൽ | 150000 | 70252012801125/24.3.17 | എക്സി. എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, കോഴിക്കോട് |
| 2 | 202/17, കോയാലി മുക്ക് കെ.ഡബ്ല്യൂ.എ പൈപ്പ് ലൈൻ നീട്ടൽ | 100000 | 70252012801126/24.3.17 | ടി |
| 3 | 203/17, അങ്കത്തായ് പൈപ്പ് ലൈൻ നീട്ടൽ | 100000 | 70252012801124/24.3.17 | ടി |
| 4 | 204/17, മുട്ടാഞ്ചേരി പറയരുകോട്ട പൈപ്പ് ലൈൻ നീട്ടൽ | 165000 | 70252012801123/24.3.17 | ടി |
| 5 | 205/17, മഞ്ഞോറമ്മൽ പൈപ്പ് ലൈൻ നീട്ടൽ | 100000 | 70252012801122/24.3.17 | ടി |
| 6 | 101/17, ഒറ്റപ്പുര കുടിവെള്ള പദ്ധതി | 93774 | 520/500139//27.12.16 | ഇലക്ട്രിക്കൽ സെക്ഷൻ, കെ എസ് ഇ ബി, നരിക്കുനി |
| 7 | 79/17, കൊട്ടക്കാവയൽ പൈപ്പ് ലൈൻ നീട്ടൽ | 100000 | ചെക്ക് നം. 54489/3.1.17 | എക്സി. എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, കോഴിക്കോട് |
| 8 | 102/17, ആരാമ്പ്രം കെ.ഡബ്ല്യൂ.എ പൈപ്പ് ലൈൻ നീട്ടൽ | 25000 | 17025201280119/24.3.17 | ടി |

| | | | | |
|---|---|---|---|---|
| 9 | 194/17, മുട്ടാഞ്ചേരി പി എച്ച് സിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ | 25000 | 520/500151/31.1.17 | ടി |

എന്നാൽ ഇങ്ങനെ തുക കൈമാറുന്നതിന്റെ അടിസ്ഥാന രേഖകളായ സാങ്കേതികാനുമതി, സ്ഥാപനവുമായി പഞ്ചായത്ത് ചമച്ച എഗ്രിമെന്റ്, തുക കൈപ്പറ്റിയതിന്റെ ഔദ്യോഗിക രശീതി, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ചെലവ് തുക 858774/- തടസ്സത്തിൽ വെക്കുന്നു.

## **3-8** <u>തൊഴിലുറപ്പ് പദ്ധതി - സാധനസാമഗ്രികൾ വാങ്ങിയതിലെ അപാകതകൾ - വാറ്റ് ഈടാക്കിയതിൽ കുറവ്</u>

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 18 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് വർക്കുകൾ 4 സെറ്റാക്കി തിരിച്ച് ടെണ്ടർ ക്ഷണിക്കുകയും 17.1.2017ലെ 2/17(1) നം. തീരുമാനപ്രകാരം താഴെ പറയുന്ന നിരക്കുകൾ അംഗീകരിക്കുകയും ചെയ്തു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | PAC | കരാറുകാരൻ | നിരക്ക് | സപ്ലൈ ചെയ്ത സാധനങ്ങൾ |
|---|---|---|---|---|---|
| സെറ്റ് 1 | | | | | 1.10mm metal<br>2.20mm metal<br>3.40mm metal<br>4.Cement<br>5.Departmental rubble<br>6.M-sand<br>7.Quarry muck<br>8.Mixer with vibrator<br>9.Needle Vibrator<br>10.Red earth |
| 1 | മനാർവട്ടത്ത് റോഡ് | 742485 | എൻ.എം. അബ്ദുൾ നിസാർ | Estimate rate | |
| 2 | ചിറ്റടിപ്പൊയിൽ ഫുട്പാത്ത് | | | | |
| 3 | മാത്തുംപൊയിൽ കോട്ടോട്ടുമ്മൽ റോഡ് | | | | |
| 4 | കടുക്കാംകണ്ടി മണ്ണാറക്കൽ റോഡ് | | | | |
| 5 | തെക്കേ കണ്ടിചെരച്ചോറ – കോഴിപറമ്പത്ത് റോഡ് | | | | |
| സെറ്റ് 2 | | | | | |
| 6 | അരോത്ത് താഴം പയങ്ങരക്കുന്ന് ഇടവഴി | 761039 | പ്രമോദ് കാവാട്ടുമീത്തൽ | 0.1% below | |
| 7 | പുൽപറമ്പിൽ എരഞ്ഞ്കുന്ന് റോഡ് | | | | |
| 8 | മംഗിലേടത്ത് മൂപ്പറമ്പത്ത് | | | | |

| | | | | |
|---|---|---|---|---|
| | ഇടവഴി | | | |
| 9 | കുട്ടംപുറത്ത് താഴം ഓങ്ങോറ മല റോഡ് | | | |
| സെറ്റ് 3 | | | | |
| 10 | അയ്യങ്കോട് റോഡ് | 792537 | കെ.പി.അലി | Estimate rate |
| 11 | കോളേരി താഴം പുതുക്കിടി റോഡ് | | | |
| 12 | മൊടയാനിചാലിൽ റോഡ് | | | |
| 13 | പറച്ചേരിപറമ്പിൽ തടായിൽ റോഡ് | | | |
| സെറ്റ് 4 | | | | |
| 14 | ആരാമ്പ്രം ആനിക്കുന്ന് റോഡ് | 891936 | എൻ.എം. അബ്ദുൾ നിസാർ | 0.1% below |
| 15 | സി.എം.മഖാം പറയരുമ്മാരത്ത് റോഡ് | | | |
| 16 | പാമ്പുങ്ങൽ പൂളോട്ടുമ്മൽ റോഡ് | | | |
| 17 | കറുത്തേടത്ത് പൊയിൽ കോണിക്കൽ റോഡ് | | | |
| 18 | മുട്ടാഞ്ചേരി അരീക്കൽ കേളോത്ത് കണ്ടി റോഡ് | | | |

ക്രമ നം. 17 ഒഴികെയുള്ള പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കുകയും സാധനങ്ങളുടെ വിലയായി 2722989/-രൂപ മേൽപറഞ്ഞ 3 കരാറുകാർക്ക് നൽകുകയും ചെയ്തു. പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) <u>ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച.</u>

1. സ.ഉ(പി) 524/15/ധനം തീയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ- ടെണ്ടർ ചെയ്യേണ്ടതാണെങ്കിലും മേൽ പ്രവൃത്തികൾ ഇ- ടെണ്ടർ ചെയ്തിട്ടില്ല.

2.ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളിൽ ഓരോ ഇനത്തിനുമുള്ള തുക വെവ്വേറെ ക്വാട്ട് ചെയ്യുന്നതിന് പകരം ഒരു സെറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങളുടെ വില ഒന്നിച്ച് ക്വാട്ട് ചെയ്യുകയാണ് ചെയ്തത്. ഓരോ സെറ്റിനും 2 ടെണ്ടറുകൾ വീതമാണ് ലഭിച്ചത്.

3. സെറ്റ്2, സെറ്റ് 4 എന്നിവയിൽ 0.1% below നിരക്ക് ആണ് അംഗീകരിച്ചതെങ്കിലും ബിൽ തുക നൽകിയപ്പോൾ ടെണ്ടർ കുറവ് കുറക്കാതെയാണ് തുക നൽകിയത്.

ബി) <u>വാറ്റ് ഈടാക്കിയതിൽ കുറവ്.</u>

സാധനസാമഗ്രികൾ വിതരണം ചെയ്തതിന് ഫോറം 8 ലുള്ള ബിൽ (rule 58, KVAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാർ ആരും തന്നെ ബിൽ സമർപ്പിച്ചിട്ടില്ല. തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതി മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധനസാമഗ്രികൾ വിറ്റ വകയിൽ കരാറുകാരിൽ നിന്നും താഴെ പറയുന്ന നിരക്കിൽ വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

10mm metal - 14.5%

20mm metal - 14.5%

40mm metal - 14.5%

Cement - 14.5%

Departmental rubble - 5%

M-sand - 14.5%

Quarry muck - 14.5%

Red earth - 5%

എന്നാൽ മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ തുക | ഈടാക്കിയ വാറ്റ് | സാധന സാമഗ്രികളുടെ വില | ഈടാക്കേണ്ട വാറ്റ് | കുറവ് |
|---|---|---|---|---|---|---|
| 1 | മനാർവട്ടത്ത് റോഡ് | 154282 | 6171 | 146282 | 21211 | 15040 |
| 2 | ചിറ്റടിപ്പൊയിൽ ഫുട്പാത്ത് | 36962 | 1478 | 36962 | 5359 | 3881 |
| 3 | മാത്തുംപൊയിൽ കോട്ടോട്ടുമ്മൽ റോഡ് | 148058 | 5922 | 127728<br>20340 | 6386 (5%)<br>2949(14.5%)<br>9335 | 3413 |
| 4 | കടുക്കാംകണ്ടി മണ്ണാറക്കൽ റോഡ് | 195889 | 7836 | 187889 | 27244 | 19408 |
| 5 | തെക്കേ കണ്ടിചെരച്ചോറ – കോഴിപറമ്പത്ത് റോഡ് | 192828 | 7713 | 184828 | 26800 | 19087 |
| 6 | അരോത്ത് താഴം പയങ്ങരക്കുന്ന് ഇടവഴി | 179109 | 7164 | 171109 | 24811 | 17647 |
| 7 | പുൽപറമ്പിൽ എരഞ്ഞ്കുന്ന് റോഡ് | 189295 | 7572 | 181295 | 26288 | 18716 |

| | | | | | | |
|---|---|---|---|---|---|---|
| 8 | മംഗിലേടത്ത് മൂപ്പറമ്പത്ത് ഇടവഴി | 191476 | 7659 | 183476 | 26604 | 18945 |
| 9 | കൂട്ടംപുറത്ത് താഴം ഓങ്ങോറ മല റോഡ് | 31389 | 1256 | 25182<br>6207 | 1259 (5%)<br>900 (14.5%)<br>2159 | 903 |
| 10 | അയ്യങ്കോട് റോഡ് | 197574 | 7903 | 189574 | 27488 | 19585 |
| 11 | കോളേരി താഴം പുതുക്കിടി റോഡ് | 193054 | 7722 | 185054 | 26833 | 19111 |
| 12 | മൊടയാനിചാലിൽ റോഡ് | 195446 | 7818 | 187446 | 27180 | 19362 |
| 13 | പറച്ചേരിപറമ്പിൽ തടായിൽ റോഡ് | 195812 | 7832 | 187812 | 27233 | 19401 |
| 14 | ആരാമ്പ്രം ആനിക്കുന്ന് റോഡ് | 192637 | 7705 | 184637 | 26772 | 19067 |
| 15 | സി.എം.മഖാം പറയരുമ്മാരത്ത് റോഡ് | 189393 | 7576 | 181393 | 26302 | 18726 |
| 16 | പാമ്പുങ്ങൽ പൂളോട്ടുമ്മൽ റോഡ് | 193495 | 7740 | 185495 | 26897 | 19157 |
| 17 | മുട്ടാഞ്ചേരി അരീക്കൽ കേളോത്ത് കണ്ടി റോഡ് | 46290 | 1850 | 40890<br>5400 | 2045 (5%)<br>783 (14.5%)<br>2828 | 978 |
| | | ആകെ | | | | 252427 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. വാറ്റ് റൂൾസ് പ്രകാരമുള്ള വാറ്റ് ഈടാക്കാത്തതിനാൽ സർക്കാരിന് 252427/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. തുക ഈടാക്കി അടവാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ഭവന പദ്ധതികളുടെ വിഹിതം കൈമാറൽ : ഔദ്യോഗിക രശീതിയും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല

വി.ഇ.ഒ നിർവ്വഹണം ചെയ്ത താഴെ പറയുന്ന ഭവന പദ്ധതികളുടെ നടത്തിപ്പിനായി തുക കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| ക്രമ നം | പദ്ധതി | അടങ്കൽ | കൈമാറിയ തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | ഐ.എ.വൈ അധിക വിഹിതം നൽകൽ | 7,80,000/- (വികസന ഫണ്ട്-ജനറൽ) | 7,80,000/- | 06/2016-17 തീ. 19.10.2016 |
| 2 | ഐ.എ.വൈ (എസ്.സി) അധിക വിഹിതം നൽകൽ | 5,50,000/- (വികസന ഫണ്ട് -എസ്.സി.പി) | 5,50,000/- | 07/2016-17 തീ. 14.02.2017 |
| 3 | പി.എം.എ.വൈ അധിക വിഹിതം നൽകൽ | 3,00,000/-(വികസന ഫണ്ട്-ജനറൽ) | 3,00,000/- | 8/2016-17 തീ. 14.02.2017 |
| 4 | ഐ.എ.വൈ (എസ്.ടി.) അധിക വിഹിതം നൽകൽ | 46,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 46,000/- | 10/2016-17 തീ. 21.03.2017 |
| | | 3,845/- (വികസന ഫണ്ട്- | 3,845/- | 11/2016-17 തീ. |

| | | | | |
|---|---|---|---|---|
| | | ടി.എസ്.പി) | | 21.03.2017 |
| 5 | പി.എം.എ.വൈ (എസ്.സി)അധിക വിഹിതം നൽകൽ | 4,10,410/- (വികസന ഫണ്ട്-ജനറൽ) | 4,10,410/- | 13/2016-17 തീ. 21.03.2017 |
| | | | 20,90,255 | |

എന്നാൽ ഇങ്ങനെ തുക കൈമാറിയതിന്റെ ഔദ്യോഗിക രശീതിയും ഈ തുക പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം 20,90,255/- തടസ്സപ്പെടുത്തുന്നു.

## 3-10 ഹെഡ് മാസ്റ്റർ നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ

I. പ്രോജക്ട് നമ്പർ - SO22/17

പ്രൊജക്ട് : പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

സൈക്കിൾ വാങ്ങി നൽകൽ

അടങ്കൽ : 1,92,000/- വികസനഫണ്ട്

ചെലവ് : 42,550/- (ബിൽ നം. 4/16-17/21.03.2017)

1,17,950/- (ബിൽ നം. 03/16-17 തീ. 21.03.2017)

II. പ്രോജക്ട് നമ്പർ - SO143/17

പ്രൊജക്ട് : പൈമ്പാലശ്ശേരി ജി.എൽ.പി സ്കൂളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ : 50,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 49,190/- (ബിൽ നം. 02/16-17/14.02.2017)

ക്രമ നം. I പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകുന്നതിനായാണ് തുക വകയിരുത്തിയിരിക്കുന്നത്. 34 സൈക്കിളുകൾ വിതരണം ചെയ്യുന്നതിനായി 18.01.2017ന് ടെൻഡർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പി.വി എഞ്ചിനീയറിംഗ് വർക്സ്, മണൽ വയൽ, കൈതപ്പൊയിൽ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു(തീരുമാനം 25/17(1) തീ. 16.02.2017)

ക്രമ നം II പ്രകാരമുള്ള ഫർണ്ണിച്ചർ വിതരണത്തിന് 23.11.2016 തീയതിയിൽ ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പി.വി എഞ്ചിനീയറിംഗ് വർക്സ്, മണൽ വയൽ, കൈതപ്പൊയിൽ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ഇത് പ്രകാരം താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | വാങ്ങിയ സാധനം | സ്ഥാപനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഹീറോ സൈക്കിൾ - Nitro Intigra | പി. വി എഞ്ചിനീയറിംഗ് വർക്സ് | 5 | 4523.8 | 22619 |
| 2 | ഹീറോ സൈക്കിൾ - മിസ്സ് ഇൻഡ്യ വെൽവെറ്റ് | | 4 | 4476.1 | 17,904.4 |
| ആകെ | | | | | 40,523.4 |
| വാറ്റ് 14.5% | | | | | 5875.8 |
| | | | | | 46,399 |
| 3 | ഹീറോ സൈക്കിൾ - Nitro Intigra | പി. വി എഞ്ചിനീയറിംഗ് വർക്സ് | 9 | 4523 | 40714.20 |
| 4 | ഹീറോ സൈക്കിൾ - മിസ്സ് ഇൻഡ്യ വെൽവെറ്റ് | | 16 | 4476.19 | 71,619.04 |
| ആകെ(3+4) | | | | | 1,12,333 |
| വാറ്റ് 14.5% | | | | | 5616.6 |
| | | | | | 117950 |
| 5 | ആഞ്ഞിലി വുഡ് ബെഞ്ച് 180 x 28x36 | പി. വി എഞ്ചിനീയറിംഗ് വർക്സ് | 10 | 1803 | 18,030 |
| 6 | ആഞ്ഞിലി വുഡ് ഡെസ്ക് 180 x 35x65 | | 10 | 2301 | 23010 |

| | | | | |
|---|---|---|---|---|
| 7 | വുഡൺ ആം ചെയർ | 1 | 1921 | 1921 |
| ആകെ(5+6+7) | | | | 42961 |
| വാറ്റ് 14.5% | | | | 6229 |
| | | | | 49190 |

ഫയൽ പരിശോധനയിൽ കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1) കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.18(1) പ്രകാരം ടെൻഡർ സ്ഥിരീകരിച്ച് ഓർഡർ നൽകുന്നതിന് മുമ്പ് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയേക്കുറിച്ച് ഉറപ്പ് വരുത്താൻ പർച്ചേസ് ഓഫീസർ ബാധ്യസ്ഥനാണ്. പി. വി. എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനം സ്റ്റീൽ ഫർണ്ണിച്ചർ വിതരണം ചെയ്യുന്ന സ്ഥാപനമാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. സൈക്കിൾ, വുഡൺ ഫർണ്ണിച്ചർ എന്നിവ വിതരണം ചെയ്യുന്നതിന് ഈ സ്ഥാപനത്തിന് ലൈസൻസ് ഉണ്ടോ എന്നത് സംബന്ധിച്ച് മതിയായ പരിശോധന നടത്താതെയാണ് പി.വി.എഞ്ചിനീയറിംഗ് വർക്ക്സ് മണൽവയൽ, കൈതപ്പൊയിൽ സമർപ്പിച്ച ടെൻഡർ അംഗീകരിച്ചത് .

2) കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 12 പ്രകാരം സാധനം വാങ്ങുമ്പോൾ സർക്കാരിലേയ്ക്ക് അടക്കേണ്ട വാറ്റ് സാധനത്തിന്റെ വിലയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. ഈ തുക സർക്കാരിലേയ്ക്ക് അടവാക്കിയോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇത് പ്രകാരം മേൽ പട്ടികയിൽ പറഞ്ഞ വില്പനനികുതി വകുപ്പിന് അടവാക്കിയോ എന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, വാറ്റ് അടവാക്കിയതിന്റെ കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതുമാണ്. മേൽ സ്ഥാപനത്തിന് സൈക്കിൾ, വുഡൺ ഫർണ്ണിച്ചർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള ലൈസൻസ് ഇല്ലാത്തപക്ഷം മേൽ പറഞ്ഞ പ്രകാരം ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നേരിട്ടു നിയമിച്ചു

11-06-2013ലെ ബോർഡ് മീറ്റിംഗ് അജണ്ട 3ആയി 167/13 തീരുമാന പ്രകാരം പി.സി.ആലിക്കുട്ടി എന്ന ആളെ പഞ്ചായത്ത് ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി നിയമിച്ചിട്ടുണ്ട്. ടിയാൻ തന്നെയാണ് 2016-17 വർഷവും ഡ്രൈവറായി തുടരുന്നത്. രജിസ്റ്റർ ചെയ്ത, ഡ്രൈവറാവാൻ യോഗ്യരായവരുടെ ലിസ്റ്റ് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങി അതിൽ നിന്നുമല്ല നിയമനം നടത്തിയിരിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണങ്ങൾ) ചട്ടങ്ങളിലെ ചട്ടം 3(8) ലെ വ്യവസ്ഥകൾ നിയമനസമയത്ത് പാലിച്ചില്ല. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ മറികടന്ന് ശ്രീ.പി.സി.ആലിക്കുട്ടിയെ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി നേരിട്ട് നിയമിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-12 തെരുവു നായ്ക്കളുടെ നിയന്ത്രണം :കൈമാറിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഫണ്ട് : തനതു ഫണ്ട്

റസീപ്റ്റ് നമ്പർ : 11601400368/04-10-2016 തുക : 40,000/-

റസീപ്റ്റ് നമ്പർ : 11601400369/04-10-2016 തുക : 40,000/-

റസീപ്റ്റ് നമ്പർ : 11601400370/04-10-2016 തുക : 40,000/-

റസീപ്റ്റ് നമ്പർ : 11601400371/04-10-2016 തുക : 40,000/-

റസീപ്റ്റ് നമ്പർ : 11601400372/04-10-2016 തുക : 40,000/-

പ്രൊജക്ട് നമ്പർ 170/2017പ്രകാരം 200,000/-രൂപ തെരുവു നായ്ക്കളുടെ നിയന്ത്രണം ലക്ഷ്യമാക്കി ജില്ലാ പഞ്ചായത്തിൽ കൈമാറിയിട്ടുണ്ട്. മുൻ വർഷങ്ങളിലും ഇങ്ങനെ തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2016-17ൽ കൈമാറിയ 2,00,000/-രൂപയുടെ വിനിയോഗ വിവരം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് സംഭാവന :ഔദ്യോഗിക രശീതി ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ : 15/7-03-2017

തുക : 100,000/-

ബിൽ നമ്പർ 15/7-03-2017പ്രകാരം 100,000/-രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് സംഭാവനയായി നൽകിയിട്ടുണ്ട്.സർക്കാർ നിർദ്ദേശ പ്രകാരം ഇങ്ങനെ സംഭാവന നൽകിയ 100,000/-രൂപയുടെ ഔദ്യോഗിക രശീതി കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

ഔദ്യോഗിക രശീതി ലഭ്യമാക്കേണ്ടതാണ്.ഔദ്യോഗിക രശീതിയുടെയും വിനിയോഗസാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-14 ഐ.കെ.എം വിഹിതം നൽകൽ :ഔദ്യോഗിക രശീതി ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ : 16/7-03-2017

തുക : 33,933/-

ബിൽ നമ്പർ : 17/7-03-2017

തുക : 14711/-

ബിൽ നമ്പർ 16/7-03-2017പ്രകാരം മാറിയ 33933/-രൂപയും, 17/7-03-2017 പ്രകാരം മാറിയ14711/-രൂപയും ആകെ 48644/-രൂപ ഐ.കെ.എം നുള്ള വിഹിതമായി പഞ്ചായത്ത് കൈമാറിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ കൈമാറിയ തുകയ്ക്കുള്ള കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കൈപ്പറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൈപ്പറ്റ് രശീതിയുടെയും വിനിയോഗസാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ 48,644/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 ഔഷധിയിൽ നിന്നും മരുന്നു വാങ്ങൽ : ഡിപ്പാർട്ട്മെന്റ് ലഭ്യത ആരാഞ്ഞില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

ബിൽ നമ്പർ : 1/20-10-2016

തുക : 4,00,000/-

മേൽ ബിൽ പ്രകാരം ആയുർവെദ ഡിസ്പൻസറിയിലേക്കായി 4,00,000/-രൂപയുടെ മരുന്ന് ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കാണിക്കുന്നു.

എ) ജി.ഒ.(എം.എസ്)4/2016 ത.സ്വ.ഭ.വ തി.11-01-2016 ഖ.7.4 അനുസരിച്ച് മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങുന്നതിന് മുൻപ് ഈ മരുന്നുകൾ ഡിപ്പാർട്ട്മെന്റലായി ലഭ്യമാവുകയില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ഇത്തരമൊരു സാക്ഷ്യപത്രം ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കാതെയാണ് ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയത്.

ബി) തങ്ങളുടെ ഡിസ്പൻസറിയിലേക്ക് ഏതൊക്കെ മരുന്നുകളാണ് ആവശ്യമായതെന്ന് ഔഷധിയോട് ആവശ്യപ്പെടാതെ ഔഷധി നൽകിയ ഇന്റന്റിനനുസരിച്ചാണ് മരുന്ന് വാങ്ങിയത്.

മേൽ അപാകതകൾ കാരണം ചെലവു തുക 4,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-16 പി.എച്ച്.സി മരുന്നുവാങ്ങൽ പദ്ധതി - അപാകതകൾ

പ്രൊജക്ട് നം : എസ്.ഒ.27 / 2017

അടങ്കൽ : 50,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ,തിയ്യതി : 10/2017/16.03.2017

പ്രൈമറി ഹെൽത്ത് സെന്റർ, മെഡിക്കൽ ഓഫീസറുടെ 'പി.എച്ച്.സിയിലേയ്ക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ' എന്ന പദ്ധതിയിൽ 50,000/- രൂപയുടെ മരുന്നു ലഭിക്കുന്നതിനായി 49,500/-രൂപ നീതി മെഡിക്കൽ സ്റ്റോർ, താമരശ്ശേരിയ്ക്ക് നൽകിയിട്ടുണ്ട്. അപാകതകൾ ചുവടെ:

1. ജി.ഒ(എം.എസ്) 04/2016/ ത.സ്വ.ഭ.വ തീ. 11.01.2016 അനുബന്ധം 11.7.(ii)എന്നിവ പ്രകാരം ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്തുവരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലാ യെങ്കിൽ മാത്രം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി പ്രൊജക്ട് തയ്യാറാക്കി മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.

2. മരുന്നിന്റെ ആവശ്യകത പരിശോധിച്ച് ഓർഡർ നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, മേൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. 49,500രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ - മരുന്ന് ലഭ്യമായില്ല

പ്രൊജക്ട് നം : എസ്.ഒ. / 2016-17

അടങ്കൽ : 1,50,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ,തിയ്യതി :01/2016-17/ 22.02.2017

ഹോമിയോ മെഡിക്കൽ ഓഫീസറുടെ "ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ " എന്ന പദ്ധതിയിൽ 1,50,000 ലക്ഷം രൂപയുടെ മരുന്ന ലഭിക്കുന്നതിനായി തുക ഹോമിയോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2695/07.03.2017 പ്രകാരം ഹോംകോ കൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ, ടി. ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന ലഭ്യമാക്കി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-18 അനുപൂരക പോഷകാഹാര വിതരണം -ഭക്ഷ്യധാന്യം വിതരണം ചെയ്തതിൽ കുറവ്

പ്രോജക്ട് നം : S0036/17

അടങ്കൽ : 23,24,000/-(13,24,000 (വികസനഫണ്ട്) 10,00,000/-(കേന്ദ്രഫണ്ട്))

ചെലവ് : 13,24,000/- (വികസനഫണ്ട് 12,00,000/-(2/16-17 തീ. 21.11.2016,
1,24,000(5/16-17തീ. 17.02.2017)) 9,14,294/-(കേന്ദ്രഫണ്ട്)

ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡിഎസ് സൂപ്പർവൈസർ അനുപൂരക പോഷകാഹാര വിതരണ പദ്ധതി നടത്തിപ്പിനായി വാങ്ങിയ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിൽ കുറവ് വന്നതായി കാണുന്നു. 2 അംഗൻവാടികളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ, മേൽപ്പടിത്താഴം അംഗൻവാടിയ്ക്ക്(സെന്റർ നം 97) ഭക്ഷ്യധാന്യം വിതരണം ചെയ്തതിൽ കുറവ് വന്നതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| മാസം | ഇനം | സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തത് | അംഗൻവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 11/2016 | വെളിച്ചെണ്ണ | 3 കി.ഗ്രാം | 2 കി.ഗ്രാം |
| 09/2016 | ന്യൂട്രിമിക്സ് | 43 കി.ഗ്രാം | 41 കി.ഗ്രാം |

ഭക്ഷ്യധാന്യം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൽ കുറവ് വന്നതിന്റെ കാരണം വിശദീകരിക്കേണ്ടതും, ശേഷിക്കുന്ന അംഗൻവാടികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതും, കുറവ് വന്ന തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 3-19 ഫണ്ടുകളുടെ വിനിയോഗം - പദ്ധതി പണം നഷ്ടപ്പെടുന്നു

2016-17 വർഷത്തെ ഫണ്ടുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

2016-17

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 10681577 | 0 | 1,06,81,577 | 1,06,81,577 | 10183643 | 95.34 | 4,97,934 |
| വികസന ഫണ്ട് (എസ്.സി.പി) | 5034432 | 0 | 50,34,432 | 50,34,432 | 2701106 | 53.65 | 23,33,326 |
| വികസന ഫണ്ട് (ടി.എസ്.പി) | 7845 | 0 | 7,845 | 7,845 | 7845 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 3727518 | 0 | 37,27,518 | 37,27,518 | 649002 | 17.41 | 30,78,516 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 2909337 | 0 | 29,09,337 | 29,09,337 | 2596127 | 89.23 | 3,13,210 |
| 13-ാം ധനകാര്യകമ്മീഷൻ | 5990711 | 0 | 59,90,711 | 59,90,711 | 4528838 | 75.60 | 14,61,873 |
| ലോക ബാങ്ക് | 2316110 | 0 | 23,16,110 | | 1856173 | 80.14 | 4,59,937 |

2016-17 വർഷത്തിൽ ആകെ 189 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ, 123 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഫണ്ടുകൾ ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികളുടെ വിവരം, നടപ്പാക്കിയ പദ്ധതികളുടെ വിവരം,ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും ചെലവഴിച്ച ഫണ്ടുകളുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 20,23,662 | 12,00,202 | 59.31 |
| വെറ്ററിനറി സർജൻ | 4 | 4 | 25,83,968 | 929500 | 35.97 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 5 | 5,70,000 | 509536 | 89.39 |
| മെഡിക്കൽ ഹോമിയോ | 1 | 1 | 1,50,000 | 150000 | 100 |
| മെഡിക്കൽ ആയുർവേദം | 2 | 2 | 6,50,000 | 650000 | 100 |
| വി.ഇ.ഒ | 15 | 11 | 85,54,625 | 6756755 | 78.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 56,20,198 | 4700921 | 83.64 |
| സെക്രട്ടറി | 24 | 16 | 28,64,306 | 1591996 | 55.58 |
| അസി.എഞ്ചിനീയർ | 111 | 58 | 27470175 | 8529340 | 31.04 |
| അസി.സെക്രട്ടറി | 6 | 6 | 1125000 | 891425 | 79.24 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 6,50,000 | 650000 | 100 |
| ഹെഡ് മാസ്റ്റർ | 6 | 5 | 14,17,000 | 1279690 | 90.31 |
| ആകെ | 189 | 123 | 5,36,78,934 | 2,78,39,365 | 51.86 |

2016-17 വർഷത്തിൽ ആകെ 5,36,78,934/- രൂപ വകയിരുത്തിയതിൽ 2,78,39,365/- രൂപ മാത്രമേ വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. അതായത് ആകെ ചെലവ് ശതമാനം 51.86% . ഇവയുടെ മേഖല തിരിച്ചുള്ള വിശദാംശം ചുവടെ:

| മേഖല | ജനറൽ | | എസ്.സി | | എസ്.ടി | | ആകെ | |
|---|---|---|---|---|---|---|---|---|
| | ആകെ പദ്ധതികൾ | നടപ്പാക്കിയത് | ആകെ പദ്ധതികൾ | നടപ്പാക്കിയത് | ആകെ പദ്ധതികൾ | നടപ്പാക്കിയത് | ആകെ പദ്ധതികൾ | നടപ്പാക്കിയത് |
| ഉല്പാദനം | 15 | 12 | 4 | 3 | - | - | 19 | 15 |
| സേവനം | 77 | 70 | 17 | 8 | 2 | 2 | 96 | 80 |
| പശ്ചാത്തലം | 58 | 24 | 16 | 4 | - | - | 74 | 28 |
| | | | | | | | 189 | 123 |

പ്രൊജക്ടുകൾക്കായി വകയിരുത്തിയതിൽ ചെലവഴിക്കാത്തതും, സഞ്ചിതനിധിയിലേക്ക് മാറ്റപ്പെട്ടതുമായ തുക ഗ്രാമ പഞ്ചായത്തിന് നഷ്ടമാവുകയാണ്. നടപ്പാക്കാൻ കഴിയുന്നത്രയും പദ്ധതികൾക്ക് മാത്രം തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും, ഇവ പൂർണ്ണമായും നടപ്പാക്കി എന്ന് ഉറപ്പു വരുത്തി ഫണ്ട് നഷ്ടമാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 8,90,000 | അട്ടക്കുംമല എസ്.സി കോളനി സമഗ്ര വികസനം | 7,77,715 | 1,12,285 |
| | | 4,00,000 | മലത്താട്ട് എസ്.സി കോളനി | 0 | 4,00,000 |
| | | 78,375 | വികലാംഗർക്ക് സ്കോളർഷിപ്പ് | 78,375 | - |
| | | 3,05,000 | മിൽക്ക് സബ്സിഡി | 3,05,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | - | 17,07,500 | 4,50,000 | | 12,57,500 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9,350/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 14-15 | | 9,350/- | ലഭ്യമായില്ല | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ | തൊഴിൽ രഹിത വേതനം, വിധവാ പെൻഷൻ ഇവ സംബന്ധിച്ച പരാമർശം ഒഴിവാക്കി. കർഷക തൊഴിലാളി പെൻഷൻ സംബന്ധിച്ചത് നിലനിൽക്കുന്നു. |
| 2000-01 | 27 | 2003-04 | പൊതു പരാമർശം 3-2 | നേതൃച്ചാലിൽ ജലസേചനപദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) | ലഭ്യമല്ല. |
| 2002-03 | 6 | 2004-05 | 11-2-1 | ടെണ്ടർ വേലകളുടെ ഗുണമേൻമ – ഗുണഭോക്തൃസമിതി രൂപീകരിച്ച് ഉറപ്പ് വരുത്തുന്നില്ല. | തടസ്സംഒഴിവക്കി. (നം.എൽ.എഫ്. എസ് 1/162/ 13(13) തീയതി: 10.04.13) |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-3 | 2005-06 | പൊതു പരാമർശം 1-13 | റോഡ് നിർമ്മാണ പ്രവൃത്തികൾ | ലഭ്യമല്ല. |
| 2003-04 | 3-11 | 2005-06 | പൊതു പരാമർശം 4-5 | ഭവനനിർമ്മാണം- ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല | ലഭ്യമല്ല. |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം 10 | വെള്ളക്കരം- വസ്തു കൈമാറ്റ തീരുവ- ലക്ഷങ്ങൾ ജലഅതോറി റ്റിക്ക് | ലഭ്യമല്ല. |
| 2007-08 | 3-1 | 2010-11 | | തസ്വഭവ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,30,60,601 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,09,31,369 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76,015 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,97,173 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 65,772 | ശ്രീമതി. രേഖ . പി. ആനന്ദ്, അസി.എഞ്ചിനീയർ |
| 3-3 | | 10,243 | -ടി- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 8,58,774 | ശ്രീമതി. രേഖ . പി. ആനന്ദ്, അസി.എഞ്ചിനീയർ |
| 3-9 | 20,90,255 | ശ്രീമതി. ശ്രീലത. എൻ.എസ്, വി.ഇ.ഒ |
| 3-12 | 2,00,000 | ശ്രീ. ടി. അബ്ദുള്ള, സെക്രട്ടറി |
| 3-13 | 1,00,000 | ശ്രീ. ഒ. സുലൈമാൻ, സെക്രട്ടറി |
| 3-14 | 48,644 | |
| 3-15 | 4,00,000 | ഡോ. ഹൈറുന്നിസ . എൻ. കെ, മെഡിക്കൽ ഓഫീസർ ആയുർവേദം |

| | | |
|---|---|---|
| 3-16 | 49,500 | ഡോ. ഉമേഷ്.വി.കെ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-17 | 1,50,000 | ഡോ. രജീഷ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-8 – 2,52,427/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രേഖ . പി. ആനന്ദ്, അസി.എഞ്ചിനീയർ | ലഭ്യമല്ല | മുപ്പാരക്കുന്ന്, കുന്ദമംഗലം കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.എസ്.2/33/99/26.7.99 | 13 |
| 2000-01 | നം.എൽ. എഫ്.കെ. കെ.ഡി.പി1/705/13/ 19.6.13 | 1 |
| 2001-02 | നം.എൽ. എഫ്. കെ. കെ.ഡി.പി1/20(4) /09 / 18.1.11 | 3 |
| 2002-03 | നം.എൽ. എഫ്.കെ. കെ.ഡി.പി1 /809(2)/21.5.10 | 7 |
| 2003-04 | നം.എൽ. എഫ്. കെ.കെ.ഡി. പി1/705/13(1)/ 19.6.13 | 4 |
| 2004-05 | നം.എൽ. എഫ്.കെ.കെ. ഡി.പി1/1982/12(4)/ 18.8.12 | 2 |
| 2006-07 | നം.എൽ.എഫ്.കെ.കെ.ഡി.പി1 /1982/12(6)/ 18.8.12 | 18 |
| 2007-08 | നം.എൽ.എഫ്. കെ.കെ.ഡി.പി1/ 1982/12(7)/ 5.9.12 | 20 |
| 2008-09 | നം.എൽ.എഫ്. കെ.കെ.ഡി.പി1 /1982/12(8)/ 27.8.12 | 18 |
| 2009-10 | നം.എൽ.എഫ്. കെ.കെ.ഡി.പി1 /1982/12(9)/ 27.8.12 | 6 |
| 2010-11 | നം.എൽ. എഫ്.കെ. കെ.ഡി.പി1 /84/12/29.1.13 | 31 |
| 2011-12 | നം.എൽ.എഫ്.കെ.കെ.ഡി.പി1 /899/14/ 16.10.14 | 7 |
| 2012-13 | നം.എൽ.എഫ്.കെ. കെ.ഡി.പി1 /899/14/ 16.10.14 | 4 |
| 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/1295/2016 | 32 |
| 2015-16 | കെ.എസ്. എ. കെ. കെ.ഡി/പി.1 /1945/2016 തീ. 05.11.2016 | 20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി1/1638/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട് ജില്ല
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി.26-09-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിൻെറ 2016 –17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2016 –17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# AUDIT CERTIFICATE

KSA.KKD- P1/1638/17

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date -26-09-2017.

Certified that I have audited the Annual Financial Statement of Madavoor Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Madavoor Grama Panchayat for the year 2016-17 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department,
District Audit Office, Kozhikode.